പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4106 16.05.2017-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി. വരുമാനം വർദ്ധിപ്പിക്കാൻ നടപടി

ചോദ്യം

ശ്രീ. എസ്.ശർമ്മ
" എൻ. വിജയൻ പിള്ള
" ഐ.ബി. സതീഷ്
" പി.കെ. ശശി

ഉത്തരം

ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ടിക്കറ്റ് വരുമാനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷമുള്ള വർദ്ധന വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (എ) | ടിക്കറ്റ് വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഓർഡിനറി ബസ്സുകളിൽ ഡീസൽ വിലയിടിവ് കാരണം ഒരു രൂപ കുറവ് വരുത്തിയത് പുന:സ്ഥാപിക്കുകയും, ഷെഡ്യൂളുകൾ കാര്യക്ഷമമായി പുന:ക്രമീകരിക്കുകയും ചെയ്തത് കോർപ്പറേഷന് ഗുണകരമായി. |
| (ബി) | ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതുതായി എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | (ബി) | കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കുന്നതിനോടൊപ്പം കെ.എസ്.ആർ.ടി.സി.ക്ക് ടിക്കറ്റ് വരുമാനത്തിൽ പുറമെ, ബസ് സ്റ്റേഷനുകളിലെ സ്റ്റാളുകൾ, ക്യാന്റീൻ, ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ എന്നിവ ലേലം /ടെണ്ടർ മുഖേന വാടകയ്ക്ക് നൽകിയും ബസ്സുകളിലും ബസ്സ് സ്റ്റേഷനുകളിലും പരസ്യം പതിക്കുന്നതിന് ടെണ്ടർ മുഖേന ലൈസൻസിയെ കണ്ടെത്തി നൽകിയത് വഴിയും, കോഫീവെൻഡിംഗ് മെഷീൻ, എ.ടി.എം എന്നിവ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുവാൻ സ്ഥലം വാടകയ്ക്ക് നൽകുന്നതിലൂടെയും കൊറിയർ സർവീസ് നടത്തിയും കെ.എസ്.ആർ.ടി.സി.ക്ക് ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. സ്ക്രാപ്പ് മെറ്റീരിയൽസ്, സ്ക്രാപ്പ് ബസ്സുകൾ, ടയറുകൾ മുതലായവ സമയബന്ധിതമായി കേന്ദ്ര പൊതു മേഖലാ സ്ഥാപനമായ M/s. MSTC വഴി ലേലം നടത്തി വിൽക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇന്ധനക്ഷമത ഉറപ്പു വരുത്തുന്നതിനും പാഴ് ചെലവുകൾ അവസാനിപ്പിക്കുന്നതിനും കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ? | (സി) | ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി ഡ്രൈവർമാരെ വാഹന നിർമ്മാതാക്കളുടെ പരിശീലന കേന്ദ്രങ്ങളിൽ അയച്ച് പരിശീലനം നടത്തി വരുന്നു. കൂടാതെ ഓരോ അസി. വർക്ക്സ് മാനേജർ (മെയിന്റനൻസ്)മാരുടെയും കീഴിൽ ഫ്യൂവൽ സെൽ രൂപീകരിക്കുകയും അതിനുപരി ഒരു അസി. വർക്ക്സ് മാനേജരെ പ്രത്യേകം ഫ്യൂവൽ സെല്ലിനു മാത്രമായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. അഞ്ചോ അതിലധികമോ കെ.എം.പി.എൽ ലഭിക്കുന്ന ഡ്രൈവർമാർക്ക് പ്രോത്സാഹനമായി 100 രൂപ പ്രതിദിന ഇൻസെന്റീവ് നല്കുന്നുണ്ട്. മെയിന്റനൻസിനായി നിരത്തിൽ നിന്നും ബസ്സുകൾ പകൽ സമയം പിൻവലിക്കുന്നത് മൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചു വരുന്നതായി കാണുകയും ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാതരം റിപ്പയറുകളും, മെയിന്റനൻസുകളും രാത്രികാലങ്ങളിലാണ് നടത്തിവരുന്നത്. |

സെക്ഷൻ ഓഫീസർ